**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : ***212** 09.03.2017-ന് മറുപടിയ്ക്ക്

## പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ. ഡി. പ്രസേനൻ**<br>**ശ്രീ. കെ. വി. അബ്ദുൾ ഖാദർ**<br>**ശ്രീ. പി. ടി. എ. റഹീം**<br>**ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. എ.കെ. ബാലൻ**<br><br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | എ) | പിന്നോക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ വിദ്യാഭ്യാസ പരിപാടികളാണ്. ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്, ഓവർസീസ് സ്കോളർഷിപ്പ്, ഒ.ഇ.സി ലംപ്സം ഗ്രാന്റ്, ഒ.ഇ.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്നിവയാണ്. വിദ്യാഭ്യാസ പദ്ധതികൾ കൂടാതെ പരമ്പരാഗത തൊഴിലുകൾ നവീകരിക്കുന്നതിനുള്ള പദ്ധതികളും ആട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം, മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം, ബാർബർ തൊഴിലാളി കൾക്കുള്ള ധനസഹായം, പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിലും ടൂൾകിറ്റിനുമുള്ള ധനസഹായം എന്നിവ നടപ്പിലാക്കുന്നു. 100 ശതമാനം ഗ്രാന്റായാണ് നൽകുന്നത്. 16 കോടി രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. |
| ബി) | പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ ; | ബി) | കോർപ്പറേഷന്റെ പ്രവർത്തനം കോർപ്പറേഷൻ തലത്തിലും സർക്കാർ തലത്തിലും അവലോകനം ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ കീഴിൽ ഉത്പന്ന പ്രദർശനത്തിനും വിൽപനക്കും കലാപ്രകടനങ്ങൾക്കുമായി സ്ഥിരം വേദി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ? | (സി) | ഉണ്ട്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ കീഴിൽ ഗുണഭോക്താക്കളുടെ ഉൽപ്പന്നങ്ങൾക്ക് ഒരു സ്ഥിരം വിപണന സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ടി ടൂറിസം സാദ്ധ്യതകൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തി 3 ക്രാഫ്റ്റ് വില്ലേജുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ക്രാഫ്റ്റ് വില്ലേജുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത കോർപ്പറേഷൻ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സംരംഭകത്വ പരിശീലനവും സ്വയം തൊഴിൽ വായ്പയും നൽകുന്നതിനായി 'ദിശ 2017' എന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ? | (ഡി) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സംരംഭകത്വ പരിശീലനവും സ്വയം തൊഴിൽ വായ്പയും നൽകുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 'ദിശ 2017' എന്ന പരിപാടി സംഘടിപ്പിച്ചിരുന്നു. മെഡിക്കൽ ക്ലിനിക്ക്, വെറ്ററിനറി ക്ലിനിക്ക്, ഫിറ്റ്നസ് സെന്റർ, മെഡിക്കൽ ലബോറട്ടറി, സിവിൽ എഞ്ചിനീയറിംഗ് കൺസൾട്ടൻസി, ബ്യൂട്ടി പാർലർ, എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ്, കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ, സോഫ്റ്റ് വെയർ കൺസൾട്ടൻസി, ഫാം നഴ്സറി, ഡയറി ഫാം, ഗോട്ട് ഫാം, ഡിജിറ്റൽ സ്റ്റുഡിയോ, വീഡിയോ പ്രൊഡക്ഷൻ യൂണിറ്റ്, എഡിറ്റിംഗ് സ്റ്റുഡിയോ, ആട്ടോമൊബൈൽ വർക്ക് ഷോപ്പ്, റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ്, ഫുഡ് പ്രോസസ്സിംഗ്, മിനി ടൂറിസം യൂണിറ്റുകൾ, ബേക്കറി, റസ്റ്റോറന്റുകൾ, ടാക്സി/പിക്കപ്പ് വാഹനങ്ങൾ തുടങ്ങി വൈവിധ്യമാർന്ന ഒട്ടേറെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള രജിസ്ട്രേഷൻ ഈ പദ്ധതി പ്രകാരം ലഭ്യമായിട്ടുണ്ട്. സാങ്കേതിക /പ്രൊഫഷണൽ മേഖലകളിൽ ഉന്നത ബിരുദധാരികളായ ഒട്ടേറെ യുവതീ യുവാക്കൾ സ്റ്റാർട്ടപ്പ് ഉൾപ്പെടെയുള്ള നവസംരംഭങ്ങൾ ആരംഭിക്കുന്നതിന് സന്നദ്ധരായി മുന്നോട്ട് വന്നിട്ടുണ്ട്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത 5200 ഓളം നവ സംരംഭ |

| | | | |
|---|---|---|---|
| | | | കർക്ക് വേണ്ടിയാണ് 'ദിശ 2017' സംഘടിപ്പിച്ചത്. 'ദിശ 2017' രണ്ടാംഘട്ട ഓൺലൈൻ രജിസ്ട്രേഷൻ 2017 മാർച്ച് 1 -ാം തീയതി ആരംഭിച്ചു. ഏപ്രിൽ 15 വരെ രജിസ്റ്റർ ചെയ്യുന്നവർക്കുള്ള സെമിനാർ 2017 ഏപ്രിൽ 29 -ന് സംഘടിപ്പിക്കും. ആദ്യഘട്ട സെമിനാറിൽ പങ്കെടുത്തവർക്ക് വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 2017-18 -ൽ ഈ പദ്ധതിക്കായി 250 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അർഹതാ മാനദണ്ഡം പാലിക്കുന്ന രജിസ്റ്റർ ചെയ്ത മുഴുവൻ സംരംഭകർക്കും ഈ പദ്ധതിയിൻ കീഴിൽ വായ്പ അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ